LIBRARY ARCHIVES Kerala Legislative Assembly

ബസ്സ് ഇൻഷ്വറൻസ്.

*൧൦൫൭ (൨൪) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ബസ്സുകൾ ഇൻഷ്വർചെയ്യണമെന്ന നിർബ്ബന്ധം നിയമപ്രകാരം ഉള്ളതിൽ Interstate ഓടുന്ന ബസ്സുകളെ രണ്ടാമതും ഇൻഷ്വർ ചെയ്യുവാൻ നിർബ്ബന്ധിക്കുന്നുണ്ടോ?

(ബി) അതിന്റെ സംഗതിയിൽ ഗവർമ്മെണ്ടു മുമ്പാകെ സങ്കടക്കാർ ഇല്ലേ?

(സി) അതിന്മേൽ ഗവർമ്മെണ്ടു എന്തു തീരുമാനമെടുത്തു?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ൧൯൫൦ വരെ Interstate ഓടുന്ന ബസ്സുകൾക്കു State Insurance Department ൽനിന്നു 3rd Party Insurance certificate എടുക്കണമെന്ന നിർബ്ബന്ധം ഉണ്ടായിരുന്നു.

(ബി) ഉണ്ടു.

(സി) ഈ കാര്യം ഗവർമ്മെൻറു് ആലോചനയിൽ ഇരിക്കുന്നു.

ആർക്കിയാളജി

*൧൦൫൮ (൨൫) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹു: വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഐക്യസംസ്ഥാനത്തിലെ ആർക്കിയാളജിയെ സംബന്ധിച്ചു വല്ല ആക്ഷേപവും പരസ്യംചെയ്ത പുസ്തകം ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തുനടപടിയാണു് ഗവർമ്മെൻറു് എടുത്തതു്?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

IRON AND STEEL

*1040 (31) **Sri. Paul Thaliath :** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:

(*a*) whether the Government have got any records to show the outstanding daily balances of stock of iron and steel materials in the stock.

(*b*) if so, the total stock in tons as on 30-1-51.

(*c*) the number of applications for permits pending as on 30-1-51, and

(*d*) the names of the officer or officers who are empowered to issue permits?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) 207 tons.

(*c*) 572.

(*d*) The Director of Controlled Commodities.

AGRICULTURAL LABOURERS IN KUTTANAD

*1041. [32] **Sri. E. P. Poulose :** Will the Hon'ble Minister for Education Labour and Civil Supplies be pleased to state;

(*a*) what amount has been given in the form of aid to agricultural labourers in Kuttanad area as a flood relief measure; and

(*b*) the number of houses built with such Government aid?

Minister for Education Food and Labour: **(Sri. T. K. Narayana Pillai):**

(*a*) Rs. 5049—5—11 besides 125 bags of rice for distribution in the Ambalapuzha Taluk and 1635 bamboos in the Thiruvella Taluk.

(*b*) 443 Houses.

ലൈറ്റുകൾ

*൧൦൫൨ (സ൯) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കരുനാഗപ്പള്ളി വില്ലേജ് യൂണിയന്റെ തെക്കെ അതിർത്തിക്കുള്ള റോഡ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ടോ?

(ബി) വില്ലേജ് യൂണിയൻ അതിർത്തിയായ ആശുപത്രി ജംഗ്ഷൻ മുതൽ വടക്കോട്ട് പുതിയകാവുവരെ ലൈറ്റ് സ്ഥാപിക്കാതിരിക്കുന്നതിന് കാരണമെന്താണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ)

(എ) ഇല്ല.

(ബി) അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈൻ ആശുപത്രി ജംഗ്ഷനിൽ ചെന്നവസാനിക്കുന്നതിനാൽ അതിനപ്പുറം ലൈറ്റ് ഇപ്പോൾ ഇട്ടിട്ടില്ല. ൧൯൫൮-൫൯-ലെ പ്രോഗ്രാമിൽ ഉൾപ്പെടുത്തുവാൻ ആലോചിച്ചിട്ടുണ്ട്.

വിശ്രമസ്ഥലം

*൧൦൫൩ (൫൧) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യത്തിന് ബഹു: പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

അനേകം ബസ്സുകളും കാറുകളും വരികയും പോകയും ചെയ്യുന്ന എടക്കൊച്ചിമുക്കിൽ മൂത്രപ്പുരയും വിശ്രമസ്ഥലവും ഉണ്ടാക്കി യാത്രക്കാരെ സഹായിക്കണമെന്ന നിയമസഭാ ചോദ്യങ്ങൾവഴിയും നിവേദനങ്ങൾവഴിയും ഗവർമ്മെണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും ജയിലും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

൧.നിയമസഭാചോദ്യങ്ങൾവഴി ആവശ്യപ്പെട്ടിട്ടുണ്ട്.

APPANGHAT ROAD TO THE JETTY

***1044.** [44] **Sri. M. I. Paul:** Will the Hon'ble Minister for Public Works and Communications be pleased to state:

(*a*) how far the work of the Appanghat Road to the Jetty has progressed?

Chief Minister **(Sri. C. Kesavan):**

(*a*) No action has been taken to open the road as the work has not been approved by the Taluk Works Committee.

OCHANTHURUTHU ROAD TO THE JETTY

***1045.** [45] **Sri. M. I. Paul:** Will the Hon'ble Minister for Public Works and Communications be pleased to state:

(*a*) how far the works of the Oachanthuruthu Road to the Jetty have been progressed?

Chief Minister **(Sri. C. Kesavan):**

(*a*) No road work has been taken up in Oachanthuruthy. But there is a proposal to open a foot path in Oachanthuruthy from the Vypeen-Pallippuram Road to the Jetty.

LIBRARY ARCHIVES Kerala Legislative Assembly